# ധ്യാനകേന്ദ്രങ്ങൾ ശബ്ദമലിനീകരണം ഉണ്ടാക്കരുത്

ധ്യാനം മൂകമായിരുന്നു പണ്ട്. മൗനിയായിരുന്നു കൊണ്ടുള്ള പ്രാർത്ഥനയോ സത്യം തിരയലോ ആയിരുന്നു ധ്യാനം. അതു പണ്ട്. ഇപ്പോൾ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ധ്യാനകേന്ദ്രങ്ങൾ ധ്യാനത്തിന് പുതിയ രൂപം നൽകിയിരിക്കുന്നു - ഉച്ചഭാഷിണി വെച്ച്; ധ്യാനകേന്ദ്രത്തിൽ മാത്രമല്ല, ഫർലോങ്ങുകളോളം അപ്പുറത്തുള്ള പ്രധാന റോഡുവരെ കമ്പിവലിച്ച് ഉച്ചഭാഷിണികൾ നാട്ടി; ദേശമാകെ പ്രകമ്പനം കൊള്ളിക്കുന്ന കലാപരിപാടിയാണ് ഇപ്പോൾ ധ്യാനം എന്നുപറയുന്നത്. വ്യക്തികളുടെ ആന്തരികസൗഖ്യത്തിനായി നടത്തുന്ന ധ്യാനശുശ്രൂഷ ദേശവാസികളെയാകെ ദ്രോഹിക്കുകയും അസ്വസ്ഥരാക്കുകയും രോഗികളാക്കുകയും ചെയ്യുന്ന അവസ്ഥ. സംഗതി വർഗ്ഗീയമാവാൻ എളുപ്പമുള്ളതുകൊണ്ട് ദേശവാസികളും പോലീസും പഞ്ചായത്തധികൃതരുമൊക്കെ മിണ്ടാതിരിക്കുകയാണ് പതിവ്. അതുകൊണ്ട്, ഈ കുറിപ്പ് ധ്യാനകേന്ദ്രങ്ങളിൽ പോകുന്നവർക്കും അതു നടത്തുന്നവരും ശ്രദ്ധിക്കാൻ വേണ്ടിയാണ് - ദയവായി, തമ്പുരാനെ വിചാരിച്ച്, അത്യാവശ്യത്തിനുള്ള ഉച്ചഭാഷിണികൾ മാത്രം ഉപയോഗിക്കാനുള്ള സന്മനസ്സുകാട്ടുക.

ശബ്ദമലിനീകരണം മൂലം ഗുരുതരമായ നാഡി-ഞരമ്പുരോഗങ്ങൾ, രക്തസമ്മർദ്ദത്തെ ബാധിക്കുന്ന വൈകാരികവ്യതിയാനങ്ങൾ, ഹൃദയസംബന്ധമായ അസുഖങ്ങൾ, കൊളസ്ട്രോൾ നില ഉയരൽ, പക്ഷാഘാതം, ഗർഭമലസൽ തുടങ്ങി അനേകം ആരോഗ്യപ്രശ്നങ്ങൾ സംഭവിക്കുമെന്ന് ഗവേഷണങ്ങൾ തെളിയിച്ചു. ഈ പഠനഫലങ്ങളെ ഇന്ത്യയിലെ കോടതികൾ അംഗീകരിക്കുകയും, പള്ളികളും മറ്റ് ആരാധനാലയങ്ങളും നിയമപരമായി അനുവദിക്കപ്പെട്ടിട്ടുള്ള ശബ്ദസ്ഥായിയേക്കാൾ ഉച്ചത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നത് തെറ്റാണെന്നും അത് പോലീസ് തടയേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. (1. അപ്പാറാവു തമിഴ്നാട് സർക്കാരിനെതിരെ നൽകിയ കേസ്സിൽ മദ്രാസ് ഹൈക്കോടതിയുടെ വിധി - 1995, (2) ഓം ബൈരംഗാന റിലിജിയസ് സൊസൈറ്റി സംസ്ഥാന ഗവൺമെണ്ടിനെതിരെ നൽകിയ കേസ്സിലെ വിധി - കൽക്കത്ത ഹൈക്കോടതി - 95 (3) ചർച്ച് ഓഫ് ഗോഡ് - കെ.കെ.ആർ. മജസ്റ്റിക്ക് കോളനി വെൽഫെയർ അസോസിയേഷനെതിരെ നൽകിയ ക്രിമിനൽ അപ്പീലിൽ സുപ്രീംകോടതിയുടെ സുപ്രധാനവിധി - 30.8.2000).



സമീപപ്രദേശങ്ങളുടെ ശാന്തതയെ നശിപ്പിക്കുന്ന തരത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നത് ആരായാലും (അതെ, ആരായാലും) കുറ്റം തന്നെയാണെന്ന് സുപ്രീംകോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

തന്റേതായ വിശ്വാസങ്ങളും ആചാരങ്ങളുമായി ജീവിക്കാൻ വ്യക്തികൾക്കവകാശമുണ്ട്. താൻ വിശ്വസിക്കുന്ന മതതത്വങ്ങൾ പ്രചരിപ്പിക്കാനും വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷെ, അത് ഉച്ചഭാഷിണി വെച്ചേ ചെയ്യൂ എന്ന് ശാഠ്യം പിടിക്കരുത്. - ഇതാണ് കോടതിവിധിയുടെ കാതൽ.

അതുകൊണ്ട് എല്ലാ ആരാധനാലയങ്ങളോടും ധ്യാനകേന്ദ്രങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ജനത്തിനു മാരകവും മാരണവുമായ ശബ്ദമലിനീകരണം അവസാനിപ്പിക്കുക. രാജ്യത്തെ നിയമത്തെ, ജനതാല്പര്യം മുൻനിർത്തി അംഗീകരിക്കുക.

**അടുത്ത**

- ❖ "ഗോപാലൻ കുട്ടിയും കൃഷ്ണൻകുട്ടിന
പാപ്പാന്റെ അസാധാരണ ബന്ധ
- ❖ 'ഉപ്പലിയുന്ന കുടിവെള്ളം'- പെരി
പറവൂർ.
- ❖ കേരളം സമ്പൂർണ്ണ കിറുക്കിലേക്കോ